പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 15 — 27.02.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ ഫയലുകളുടെ നീക്കത്തിന് വലിയ താമസം നേരിടുന്നതായുള്ള മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(ബി) ഫയലുകളിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ചുവരുന്നു. |
| (സി) ഭരണപരിഷ്കാരവുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് പ്രകടന പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; | (സി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽ പരമായ കഴിവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച പരിശീലനനയത്തിന്റെ കരട് തയ്യാറാക്കി വരികയാണ്. |
| (ഡി) കേന്ദ്ര ഡയറക്ടറേറ്റ് മാതൃകയിൽ ഭരണസംവിധാനം ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ സമയബന്ധിതമായി നടപ്പിലാക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ? | (ഡി) 07.06.2016 ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ